പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 348

11.05.2017 - ൽ മറുപടിക്ക്

# പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അപ്പക്സ് സംഘം രൂപീകരിക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൽദോ എബ്രഹാം<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി സി.കെ. ആശ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| (എ) | വായ്പാ സംഘങ്ങൾ ഒഴികെയുള്ള പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അപ്പക്സ് സംഘം രൂപീകരിക്കുന്നതിന് പദ്ധതിയുണ്ടോ; | (എ) | വായ്പാ സംഘങ്ങൾ ഒഴികെയുള്ള പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അപ്പക്സ് സംഘം രൂപീകരിക്കുന്നത് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ കൺവീനറായിട്ടുള്ള സമിതി സർക്കാരിന് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഏതൊക്കെ വിഭാഗങ്ങളിലുള്ള സംഘങ്ങൾക്കാണ് അപ്പക്സ് സംഘം രൂപീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ഒഴികെയുള്ള ഇതര പ്രൈമറി വായ്പാ സംഘങ്ങൾക്ക് മാത്രമായി പ്രത്യേക കേന്ദ്ര സംഘങ്ങൾ ജില്ലകൾ തോറും ആരംഭിക്കേണ്ടതും ഈ വിഭാഗത്തിനായി സംസ്ഥാന തല അപ്പക്സ് സംഘം രൂപവത്ക്കരിക്കേണ്ടതുമാണെന്നും മിസലേനിയസ് വിഭാഗത്തിൽപ്പെട്ടതും നിലവിൽ കേന്ദ്രസംഘങ്ങൾ ഇല്ലാത്തതുമായ പ്രൈമറി സംഘങ്ങൾക്കു മാത്രമായി ജില്ലാടിസ്ഥാനത്തിൽ കേന്ദ്ര സംഘങ്ങൾ രൂപീകരിക്കേണ്ടതുമാണെന്ന് ശുപാർശയാണ് സർക്കാരിന് ലഭ്യമായിട്ടുള്ളത്. |
| (സി) | അപ്പക്സ് സംഘം രൂപീകരിക്കുന്നതിലൂടെ എന്തെല്ലാം നേട്ടങ്ങളുണ്ടാകുമെന്ന് | (സി) | അപ്പക്സ് സംഘത്തിൽ നിന്നും പ്രാഥമിക സംഘങ്ങൾക്ക് ധനസഹായവും ഇതര സഹായങ്ങളും ലഭിക്കുന്നു. ഇതിലൂടെ |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ? | | പ്രാഥമിക സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. പ്രാഥമിക സംഘങ്ങളുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്ന പദ്ധതികൾക്ക് രൂപം നല്കാൻ അപ്പക്സ് സംഘങ്ങൾക്ക് കഴിയും |

സെക്ഷൻ ഓഫീസർ